# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 135 — 18.03.2013-ൽ മറുപടിക്ക്

## ബിവറേജസ് കോർപ്പറേഷൻ മദ്യത്തിന്റെ വാങ്ങുന്ന വില വർദ്ധിപ്പിച്ച നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ബിവറേജസ് കോർപ്പറേഷൻ ഏറ്റവും ഒടുവിൽ മദ്യത്തിന്റെ വാങ്ങുന്ന വില വർദ്ധിപ്പിച്ചത് എപ്പോഴാണ്; നിരക്ക് വർദ്ധന സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) 2012-13 സാമ്പത്തിക വർഷത്തിലാണ്, റേറ്റ് കോൺട്രാക്റ്റിലെ പർച്ചേസ് വില ഏറ്റവും അവസാനമായി ഉയർത്തിയത്.<br><br>ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റേയും വൈനിന്റേയും നിലവിലുള്ള ബ്രാൻഡുകൾക്ക്, അവയുടെ 2011-12 സാമ്പത്തിക വർഷത്തിലെ വാങ്ങിയ വിലയുടെ 6% വരെ ഉയർത്തിയതോ, 2012-13 സാമ്പത്തിക വർഷത്തിലേയ്ക്ക് ക്വോട്ട് ചെയ്ത വിലയോ, ഏതാണോ കുറവ് അത് നല്കുവാനും, പുതിയ ബ്രാൻഡുകളുടെ കാര്യത്തിൽ, 2012-13 സാമ്പത്തിക വർഷത്തേയ്ക്ക് ക്വോട്ട് ചെയ്ത വിലയിൽ 5% കുറച്ച് നല്കുവാനും തീരുമാനിച്ചു. ഈ വില വർദ്ധന, 01.08.2012 മുതലാണ് നിലവിൽ വന്നത്. |
| (ബി) വില വർദ്ധിപ്പിച്ചു നല്കിയതിനുശേഷം കോർപ്പറേഷൻ ഏതെല്ലാം കമ്പനികളിൽ നിന്ന് ഏതെല്ലാം വിലയിലുള്ള എന്ത് തുകയ്ക്കുള്ള മദ്യം വാങ്ങുകയുണ്ടായി; വർദ്ധിപ്പിച്ചു നല്കിയ നിരക്ക് അനുസരിച്ച് വാങ്ങിയവയുടെ അധിക വില - എന്ത് തുകയുടേതാണ്; | (ബി) 2012-13 സാമ്പത്തിക വർഷത്തിൽ, 01.08.2012 മുതൽ 28.02.2013 വരെ ബിവറേജസ് കോർപ്പറേഷന്, ഇന്ത്യൻ നിർമ്മിത വിദേശമദ്യം വിതരണം ചെയ്ത മദ്യവിതരണക്കാരുടെ പേരുവിവരവും, റേറ്റ് കോൺട്രാക്റ്റിലെ പർച്ചേസ് വിലയുടെ വർദ്ധനവും, അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.<br><br>അധിക നിരക്ക് നല്കിയതുമൂലം, 1.8.2012 മുതൽ 28.02.2013 വരെ, 35.94 കോടി രൂപ അധികമായി മദ്യകമ്പനികൾക്ക് നല്കേണ്ടിവന്നു. |

(സി) എത്ര ശതമാനം വർദ്ധനയായിരുന്നു മദ്യ കമ്പനികൾ ആവശ്യപ്പെട്ടിരുന്നത്; അതിനുള്ള ന്യായീകരണങ്ങൾ എന്തെല്ലാമായിരുന്നു; എത്ര ശതമാനം വർദ്ധനയാണ് അനുവദിച്ചിരുന്നത്; എന്നു മുതൽ വാങ്ങുന്ന മദ്യങ്ങൾക്കായിരുന്നു വില വർദ്ധിപ്പിച്ചു നല്കിയത്?

(സി) എല്ലാ വർഷവും റേറ്റ് കോൺട്രാക്റ്റിലെ പർച്ചേസ് വില/ലാന്റഡ് കോസ്റ്റ് പ്രൈസ് ഉയർത്തുവാൻ മദ്യകമ്പനികൾ ആവശ്യപ്പെടാറുണ്ട്. കമ്പനികൾ ക്വോട്ട് ചെയ്യുന്ന വില, ബിവറേജസ് കോർപ്പറേഷൻ സ്വീകരിക്കുന്ന തരത്തിൽ 'ഫ്രീ പ്രൈസിംഗ്' നടപ്പിലാക്കണമെന്ന് മദ്യകമ്പനികൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്.

ഇന്ത്യൻ നിർമ്മിത വിദേശമദ്യം ഉല്പാദിപ്പിക്കാൻ ആവശ്യമായ അസംസ്കൃത വസ്തുക്കളുടെയും മറ്റു ഘടകങ്ങളുടേയും വില വർഷാവർഷം ക്രമാതീതമായി വർദ്ധിക്കുന്നുവെന്നും, എന്നാൽ കഴിഞ്ഞ ആറ് വർഷങ്ങളിൽ 4% മുതൽ 6% വരെയുള്ള നാമ മാത്രമായ വിലവർദ്ധനവ് മാത്രമാണ് മദ്യകമ്പനികൾക്ക് നല്കിയതെന്നുമാണ്, മദ്യ കമ്പനികൾ അവകാശപ്പെടുന്നത്.

ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റേയും വൈനിന്റേയും നിലവിലുള്ള ബ്രാൻഡുകൾക്ക്, അവയുടെ 2011-12 സാമ്പത്തിക വർഷത്തിലെ വിലയുടെ 6% വരെ ഉയർത്തിയതോ, 2012-13 സാമ്പത്തിക വർഷത്തിലേയ്ക്ക് ക്വോട്ട് ചെയ്ത വിലയോ, ഏതാണോ കുറവ് അത് നല്കുവാനും, പുതിയ ബ്രാൻഡുകളുടെ കാര്യത്തിൽ 2012-13 സാമ്പത്തിക വർഷത്തേയ്ക്ക് ക്വോട്ട് ചെയ്ത വിലയിൽ 5% കുറച്ച് നല്കുവാനും തീരുമാനിച്ചു. ഈ വിലവർദ്ധന 1.8.2012-ലാണ് നിലവിൽ വന്നത്.

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്